**ജർമ്മനിയുടെ ചാൻസലർ ഫ്രെഡറിക് മെർസിന്റെ ഇന്ത്യാ സന്ദർശനം (ജനുവരി 12-13, 2026)**

ജനുവരി 05, 2026

പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയുടെ ക്ഷണപ്രകാരം ജർമ്മനിയുടെ ചാൻസലർ ആദരണീയനായ ശ്രീ. ഫ്രെഡറിക് മെർസ് 2026 ജനുവരി 12-13 തീയതികളിൽ ഇന്ത്യയിൽ ഔദ്യോഗിക സന്ദർശനം നടത്തും. ചാൻസലർ മെർസിന്റെ ഇന്ത്യയിലേക്കുള്ള ആദ്യ ഔദ്യോഗിക സന്ദർശനമാണിത്. സന്ദർശന വേളയിൽ അദ്ദേഹം അഹമ്മദാബാദിലേക്കും ബംഗളൂരുവിലേക്കും യാത്ര ചെയ്യും.

2. അഹമ്മദാബാദിൽ 2026 ജനുവരി 12 ന് പ്രധാനമന്ത്രി ചാൻസലർ മെർസിനെ സ്വീകരിക്കും. കഴിഞ്ഞ വർഷം 25 വർഷം പൂർത്തിയായ ഇന്ത്യ-ജർമ്മനി തന്ത്രപരമായ പങ്കാളിത്തത്തിന്റെ വൈവിധ്യമാർന്ന വശങ്ങളിൽ കൈവരിച്ച പുരോഗതി ഇരു നേതാക്കളും അവലോകനം ചെയ്യും. വ്യാപാരം, നിക്ഷേപം, സാങ്കേതികവിദ്യ, വിദ്യാഭ്യാസം, നൈപുണ്യവികസനവും മൊബിലിറ്റിയും എന്നിവയിൽ സഹകരണം കൂടുതൽ ശക്തമാക്കുന്നതിലും, പ്രതിരോധവും സുരക്ഷയും, ശാസ്ത്രം, നവീകരണം, ഗവേഷണം, ഹരിതവും സുസ്ഥിരവുമായ വികസനം, ജനങ്ങൾ തമ്മിലുള്ള ബന്ധം തുടങ്ങിയ പ്രധാന മേഖലകളിൽ സഹകരണം മെച്ചപ്പെടുത്തുന്നതിലും ചർച്ച ഊന്നൽ നൽകും.

3. പ്രധാനമന്ത്രി മോദിയും ചാൻസലർ മെർസും വാണിജ്യ, വ്യവസായ പ്രമുഖരുമായി ചർച്ചകൾ നടത്തുകയും പ്രാദേശിക, ആഗോള പ്രാധാന്യമുള്ള വിഷയങ്ങളിൽ കാഴ്ചപ്പാടുകൾ കൈമാറുകയും ചെയ്യും.

4. പതിവ് ഉന്നതതല രാഷ്ട്രീയ ഇടപെടലുകൾ വഴി കൈവരിച്ച പുരോഗതിയെ ഈ സന്ദർശനം കൂടുതൽ ശക്തിപ്പെടുത്തും. ഇരു രാജ്യങ്ങളിലെയും ജനങ്ങൾക്കും വിശാലമായ ആഗോള സമൂഹത്തിനും പ്രയോജനപ്രദമായ രീതിയിൽ ഭാവി ലക്ഷ്യമിട്ടുള്ള പങ്കാളിത്തം കെട്ടിപ്പടുക്കാൻ ഇന്ത്യയും ജർമ്മനിയും പങ്കിടുന്ന പൊതു കാഴ്ചപ്പാട് ആവർത്തിച്ചുറപ്പാക്കാൻ ഈ സന്ദർശനം അവസരമൊരുക്കും.

**ന്യൂഡൽഹി**

**ജനുവരി 05, 2026**